# ചോറോട് ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ 2025

**ചോറോട് ഗ്രാമപഞ്ചായത്തിന്റെ 17/01/2023 തീയ്യതിയിലെ 2/2022 നമ്പർ തീരുമാന പ്രകാരം പുതുക്കിയത്**



പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത് സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് അർഹമായതുമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചു കൊണ്ട് പഞ്ചായത്ത് അംഗീകരിച്ച് പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തണമെന്ന് 2004 കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ അനുശാസിക്കുന്നു. ഓഫീസുകളിൽ നിന്നും സേവനം എളുപ്പത്തിലും ലളിതവും സുതാര്യവുമായ മാർഗ്ഗത്തിലൂടെ ലഭ്യമാക്കുക എന്നത് ഏതൊരു പൗരന്റേയും അവകാശമാണ്. ഇപ്രകാരമുള്ള അവകാശം നേടിയെടുക്കുന്നതിന് ഭരണ നിർവ്വഹണത്തെ സംബന്ധിച്ച പ്രധാനപ്പെട്ട വിവരങ്ങൾ ഗ്രാ മപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും അറിവിനായി ലഭ്യമാക്കേണ്ടതുണ്ട്. ഈ വിവരങ്ങൾ ഏറ്റവും ലളിതമായി ഉൾക്കൊള്ളിച്ചു കൊണ്ട്ഈ പൗരാവകാശ രേഖ പൊതുജന സമക്ഷം സമർപ്പിക്കുന്നു. ഈ പൗരാവകാശ രേഖ തയ്യാറാക്കുന്നതിന് സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു

## ചോറോട് ഗ്രാമപഞ്ചായത്ത്  ഭൂപടം



**വാർഡുകൾ – 21**
**വിസ്തീർണ്ണം – 12.75ച.കി.മി**

# ചോറോട് ഗ്രാമപഞ്ചായത്ത്: പൊതുവിവരങ്ങൾ

| | | |
|---|---|---|
| വില്ലേജ് | | : ചോറോട് |
| ആകെ വാർഡുകൾ | | : 21 |
| താലൂക്ക് | | : വടകര |
| ബ്ലോക്ക് പഞ്ചായത്ത് | | : വടകര |
| ജില്ലാ പഞ്ചായത്ത് | | : കോഴിക്കോട് |
| നിയമസഭ നിയോജക മണ്ഡലം | | : വടകര |
| ലോക്സഭ നിയോജക മണ്ഡലം | | : വടകര |
| വിസ്തൃതി | | : 12.75 ച.കി. മി |
| അതിരുകൾ | വടക്ക് | : ഒഞ്ചിയം ഗ്രാമപഞ്ചായത്ത് |
| | കിഴക്ക് | : ഏറാമല ഗ്രാമപഞ്ചായത്ത് |
| | പടിഞ്ഞാറ് | : അറബികടൽ |
| | തെക്ക് | : വടകര മുൻസിപാലിറ്റി |
| ആകെ ജനസംഖ്യ | | : 38245 |
| പുരുഷൻമാർ | | : 17918 |
| സ്ത്രീകൾ | | : 20327 |
| പട്ടികജാതി വിഭാഗം | | : 848 |
| പട്ടിക വർഗ്ഗ വിഭാഗം | | : 6 |

പഞ്ചായത്തിലെ ഏതെങ്കിലും പൗരന് ലഭിക്കേണ്ട സേവനങ്ങൾ ബോധപൂർവ്വമോ സ്വജന പക്ഷപാതപരമോ കെടുകാര്യസ്ഥതമൂലമോ അഴിമതിയുമായി ബന്ധപ്പെട്ട ദുർഭരണവുമായി ബന്ധപ്പെട്ടോ നീതി നിഷേധിക്കുകയോ സേവനം തടസ്സപ്പെടുത്തുകയോ കാലതാമസം ഉണ്ടാവുകയോ ചെയ്താൽ ഓംബുഡ്സ്മാന് പരാതി കൊടുക്കാവുന്നതാണ്. (ബന്ധപ്പെട്ട പഞ്ചായത്തീ രാജ് ആക്ട് പരിശോധിക്കുക.)

പൊതുവായി പഞ്ചായത്ത് നൽകുന്ന സേവനങ്ങളെ സംബന്ധിച്ച് പരാതികൾ പഞ്ചായത്ത് ഭരണസമിതിക്ക് നൽകാവുന്നതാണ്. നികുതി,ലൈസൻസ്,മറ്റ് അനുവാദങ്ങൾ (ചട്ടങ്ങളിൽ പരാമർശിച്ചവ) എന്നിവയെ സംബന്ധിച്ച് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനങ്ങളിന്മേലുള്ള പരാതികൾ 271-ാം വകുപ്പനുസരിച്ച് രൂപീകരിച്ച ട്രിബ്യൂണലിന് നൽകാവുന്നതാണ്.

പൗരാവകാശ രേഖയിൽ പ്രസിദ്ധീകരിച്ച വിവരങ്ങൾ പഞ്ചായത്തീരാജ് ആക്ടിനെയും ചട്ടങ്ങളെയും സർക്കാർ ഉത്തരവുകളെയും ആസ്പദമാക്കി തയ്യാറാക്കിയതാണ്. പ്രസ്തുത വിവരങ്ങളിന്മേൽ തർക്കമോ പരാതിയോ ഉണ്ടാവുന്ന പക്ഷം തീർപ്പ് പഞ്ചായത്തീരാജ് ആക്ടിനെയും ചട്ടങ്ങളെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളെയും ആസ്പദമാക്കി മാത്രമായിരിക്കും സ്വീകരിക്കുന്നത്. പൗരാവകാശ രേഖയിൽ പ്രസിദ്ധീകരിച്ച വിവരങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി മാറ്റങ്ങൾക്ക് വിധേയമാണ്.

ഓഫീസ് പ്രവർത്തി സമയം : 10 മണി മുതൽ 5 മണി വരെ, ഫോൺ : 0496-2512501

ഫ്രണ്ട് ഓഫീസ് പ്രവർത്തനം : 10 മണി മുതൽ 5 മണി വരെ (സാമ്പത്തിക ഇടപാടുകൾ 3 മ

# ആമുഖം

അധികാര വികേന്ദ്രീകണത്തിലൂടെ ശമായ പ്രാദേശിക ഭരണ കൂടങ്ങൾ നിലവിൽ വന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ അധികാരങ്ങൾ കയ്യാളിക്കൊണ്ട് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ മാറിക്കൊണ്ടിരിക്കുമ്പോൾ അവയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകരമാവുന്ന തരത്തിലും, അവയിലൂടെ ലഭിക്കാവുന്ന വിവധ സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കൃത്യതയും സുതാര്യതയും നിലനിർത്തുന്നതിനും വേണ്ടിയുള്ള ശ്രമകരമായ ഒരു കൈത്താങ്ങാണ് പൗരാവകാശ രേഖ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

വർദ്ധിച്ച ജോലിഭാരവും എണ്ണത്തിൽ കുറഞ്ഞ ജീവനക്കാരുമുള്ള ഗ്രാമപഞ്ചായത്ത് ഓഫീസിൽ അനുദിനമെത്തുന്ന നൂറ് കണക്കിന് സാധാരണക്കാർക്ക് അവരുടെ ആവശ്യങ്ങൾ തൃപ്തികരമായ രീതിയിൽ നിറവേറ്റുക എന്നത് ഏത് ഗ്രാമപഞ്ചായത്തിന്റെയും മുന്നിലുള്ള ഒരു വെല്ലുവിളിയാണ്.

ഈ ദൗത്യം നേരിടാനുള്ള എളിയ ഒരു സംരഭം എന്ന നിലക്ക് ഫ്രണ്ട് ഓഫീസ് സംവിധാനവും പൗരാവകാശ രേഖയും പഞ്ചായത്ത് രാജ് നിയമത്തിലൂടെ ലഭ്യമായ അധികാര വികേന്ദ്രീകരണത്തിനും ജനകീയാസൂത്രണ പ്രസ്ഥാനത്തിനും കരുത്തായി മാറുമെന്നതിൽ സംശയമില്ല.

അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രസ്ഥാനവും നൽകുന്ന മഹത്തായ ആശയങ്ങൾ അന്വർത്ഥമാക്കുന്നതിന് വേണ്ടി ഇവ രണ്ടും ഉൾക്കൊള്ളുവാനും പരമാവധി പ്രയോജനപ്പെടുത്തുവാനും ചോറോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

01/04/2023

പി പി ചന്ദ്രശേഖരൻമാസ്റ്റർ
പ്രസിഡന്റ് ചോറോട് ഗ്രാമപഞ്ചായത്ത്

**പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ**

| വാർഡ് നം. | ജനപ്രതിനിധിയുടെ പേര് | സ്ഥാനം |
|---|---|---|
| 20 | പി പി ചന്ദ്രശേഖരൻ മാസ്റ്റർ | പ്രസിഡന്റ് |
| 5 | രേവതി കെ | വൈസ് പ്രസിഡന്റ് |
| 16 | കെ മധുസൂദനൻ | ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി |
| 9 | ശ്യാമള പി | ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി |
| 8 | നാരായണൻ സി | ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി |
| 1 | സബിത കെ | മെമ്പർ |
| 2 | റീന പി പി | മെമ്പർ |
| 3 | ബിന്ദു ടി | മെമ്പർ |
| 4 | മനീഷ് കുമാർ | മെമ്പർ |
| 6 | മഠത്തിൽ പുഷ്പ | മെമ്പർ |
| 7 | ലിസി പി | മെമ്പർ |
| 10 | ഷിനിത പി | മെമ്പർ |
| 11 | പ്രസാദ് ബി | മെമ്പർ |
| 12 | ജംഷിദ കെ | മെമ്പർ |
| 13 | സജിത കുമാരിസി.കെ | മെമ്പർ |
| 14 | ജിഷ പി | മെമ്പർ |
| 15 | ലളിത എൻ.ടി.കെ | മെമ്പർ |
| 17 | പ്രിയങ്ക സി.പി | മെമ്പർ |
| 18 | ആബിദ എൻ.സി | മെമ്പർ |
| 19 | കെ കെ റിനീഷ് | മെമ്പർ |
| 21 | അബൂബക്കർ വി.പി | മെമ്പർ |

ലോക്സഭ അംഗം : കെ മുരളീധരൻ

നിയമസഭ അംഗം : കെ കെ രമ

ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ : പി പി നിഷ, എൻ.എം വിമല

ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ :ഗീത കുന്നുമ്മമൽ,സൗമ്യ, ശ്യാമള കൃഷ്ണാർപ്പിതം,ഗോപാലൻ സി.കെ, കെ.പി ഗിരിജ (ബ്ലോക്ക് പ്രസിഡന്റ്)

**പഞ്ചായത്ത് ഓഫീസ് ജീവനക്കാർ**

| പേര് | തസ്തിക |
|---|---|
| നിഷ എൻ തയ്യിൽ | സെക്രട്ടറി |
| അനീഷ് കുമാർ ടി.പി | അസി. സെക്രട്ടറി |
| സുധീർ പി | ജൂനിയർ സുപ്രണ്ട് |
| മിനി കെ.ടി | അക്കൗണ്ടന്റ് |
| റീന | സീനിയർ ക്ലാർക്ക് |
| സജിത്ത് എൻ.കെ | സീനിയർ ക്ലാർക്ക് |
| ജയദേവ് കെ | സീനിയർ ക്ലാർക്ക് |
| ജിതിൻജിത്ത് യു.എം | സീനിയർ ക്ലാർക്ക്(പുനർ വിന്യാസം) |
| സിബി സൈമൺ | ക്ലാർക്ക് |
| അമൃത | ക്ലാർക്ക് |
| അമൽചന്ദ് ബി ജി | ക്ലാർക്ക് |
| | ക്ലാർക്ക് |
| ലിസി ചിറക്കരേമ്മൽ | ഒ.എ |
| | ഒ.എ |
| രത്നവല്ലി | പി.ടി.എസ് |
| അനുഷ ദേവദാസ് കെ.വി | ടെക്നിക്കൽ അസിസ്റ്റന്റ് |
| അനഘ ആർ.എസ് | എ.ഇ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| ഷീന കെ | ഡാറ്റ എൻട്രി കം അക്കൗണ്ടന്റ് എം.ജി.എൻ.ആർ.ഇ.ജി.എസ് |
| രതിന രാജേന്ദ്രൻ | ഡാറ്റ എൻട്രി കം അക്കൗണ്ടന്റ് എം.ജി.എൻ.ആർ.ഇ.ജി.എസ് |
| സൽമ ടി | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| അനുസൂയ പി | ഓവർസിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| ലിൻഷി ഇ.എം | ഹെൽത്ത് ഇൻസ്പെക്ടർ |
| രാധ കെ എം | പാർട്ട് ടൈം ലൈബ്രേറി |
| ജലജ സി | പാർട്ട് ടൈം ടീച്ചർ |
| രജനി പി.കെ | പാർട്ട് ടൈം ആയ |
| സുരേഷ് ബാബു സി.എച്ച് | ഡ്രൈവർ |
| | |

# ഗ്രാമപഞ്ചായത്തിന് കൈമാറിയ സ്ഥാപനങ്ങൾ

| വകുപ്പ് | സ്ഥാപനങ്ങൾ |
|---|---|
| കൃഷി | കൃഷിഭവനും അതിലെ ഉദ്യോഗസ്ഥരും |
| മൃഗസംരക്ഷണം | വെറ്റിനറി സബ്സെന്റർ, വെറ്റിനറി ഡിസ്പെൻസറിയും ഉദ്യോഗസ്ഥരും |
| ഗ്രാമവികസനം | വി.ഇ.ഉ, എൽ.വി.ഇ.ഒ തസ്തികകളും, ഓഫീസും |
| സാമൂഹ്യക്ഷേമം | അംഗൻവാടികളും ഐ.സി.ഡി.എസ് സൂപ്പർ വൈസർ അടക്കമുള്ള തസ്തികകളും |
| ആരോഗ്യം  അലോപ്പതി | അതാത് സ്ഥലത്തെ ഡിസ്പെൻസറികൾ/ പ്രാഥമിക ആരോഗ്യ കേന്ദ്രം (പി.എച്ച്.സി) ഉദ്യോഗസ്ഥർ, സബ്സെന്ററുകൾ |
| ആയുർവ്വേദം | അതാത് സ്ഥലത്തെ ആയുർവ്വേദ ഡിസ്പെൻസറി/ ആശുപത്രി ഉദ്യോഗസ്ഥർ |
| ഹോമിയോ | അതാത് സ്ഥലത്തെ ഹോമിയോഡിസ്പെൻസറി/ ആശുപത്രി ഉദ്യോഗസ്ഥർ |
| പൊതുമരാമത്ത് | എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം |
| ഫിഷറീസ് | മത്സ്യഭവനും അതുമായി ബന്ധപ്പെട്ട ജിവനക്കാരും |
| ക്ഷീര വികസനം | ക്ഷീര വികസനവും അതുമായി ബന്ധപ്പെട്ട ജീവനക്കാരും |

# നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| നിഷ എൻ തയ്യിൽ | സെക്രട്ടറി |
| അനീഷ് കുമാർ ടി.പി | അസി.സെക്രട്ടറി |
| മുബാറക്ക് ഒ.പി | അഗ്രികൾച്ചർ ഓഫീസർ |
| ഷീന | എ.ഇ എൽ.എസ്.ജി.ഡി |
| ബിജുനേഷ് എസ്.ആർ | മെഡിക്കൽ ഓഫീസർപി.എച്ച്.സി |
| മോഹൻദാസ് | മെഡിക്കൽ ഓഫീസർ ആയുർവേദ |
| അപർണ്ണ മാധവൻ | വെറ്ററിനറി സർജ്ജൻ |
| സീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രതിഭ | ഹെഡ്മാസ്റ്റർ |
| വിനീത കെ | വി.ഇ.ഒ |
| മിഥിലേഷ് കെ | വി.ഇ.ഒ |
| ശ്രീജിത്ത്സി.പി | ഡയറി എക്സറ്റൻഷൻ ഓഫീസർ |
| ബാബു എം | സബ് ഇൻസ്പെകടർ ഓഫ് ഫിഷറീസ് |
| | |

# സ്റ്റാന്റിംഗ് കമ്മറ്റികളും ചുമതലയുള്ള വിഷയങ്ങളും

| സ്റ്റാന്റിംഗ് കമ്മറ്റികൾ | ചുമതലയുള്ള വിഷയങ്ങൾ |
|---|---|
| ധനകാര്യം | ധനകാര്യം , നികുതി, അക്കൗണ്ടുകൾ, ആഡിറ്റ് ബഡ്ജറ്റ് പൊതുഭരണം , നികുതി സംബന്ധമായ അപ്പീൽ , മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ |
| വികസനം | വികസന ആസൂത്രണം, സാമൂഹികവും സാമ്പത്തികവും പ്ലാനിംഗ് സ്പെഷ്യൽ , പ്ലാനിംഗ് കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യ വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം , മത്സ്യ ബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത് , പാർപ്പിട സൗകര്യങ്ങൾ , കെട്ടിട നിർമ്മാണം, നിയന്ത്രണം, വൈദ്യുതി |
| ക്ഷേമകാര്യം | സാമൂഹ്യ രക്ഷാ പ്രവർത്തനം , ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം, പട്ടികജാതി – പട്ടിക വർഗ്ഗ വികസനം , സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യ ക്ഷേമം,ദാരിദ്ര്യ നിർമ്മാർജ്ജനം , കുടുംബശ്രീ |
| ആരോഗ്യം, വിദ്യാഭ്യാസം | പൊതുജനാരോഗ്യം , ശുചീകരണം, കുടിവെള്ളം , വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദം, പരിസ്ഥിതി , അഴുക്ക് ചാൽ നിർമ്മാർജ്ജനം |

## ചരിത്രം

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ചോറോട് വില്ലേജ് ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് ചോറോട് പഞ്ചാത്തിന്റെ വിസ്തീർണ്ണം 12.75 ച.മീറ്ററാണ്. പഞ്ചായത്തിന്റെ അതിരുകൾ വടക്ക് ഒഞ്ചിയം, ഏറാമല പഞ്ചായത്തുകളും, തെക്ക് വടകര മുൻസിപ്പാലിറ്റി, പടിഞ്ഞാറ് അറബി കടൽ, കിഴക്ക് ഏറാമല, വില്ല്യാപ്പള്ളി പഞ്ചായത്തുകളുമാണ്. ഒരു കാലത്ത് നെൽ കൃഷിയ്ക്ക് പ്രസിദ്ധമായിരുന്നു ഈ പ്രദേശം. തികച്ചും ഒരു കടൽത്തീര പഞ്ചായത്താണ് ചോറോട്. മൂന്ന് കിലോമീറ്ററിലേറെ വരുന്ന കടൽതീരമാണുള്ളത്. ഇന്നത്തെ ചോറോട് പഞ്ചായത്ത് ചോറോട് പഞ്ചായത്ത്, വൈക്കിലശ്ശേരി എന്നീ റവന്യൂ വില്ലേജുകൾ ചേർന്നതാണ്. ചോറോട് , വൈക്കിലശ്ശേരി വില്ലേജുകൾ ചേർന്ന് ചോറോട് പഞ്ചായത്ത് 1945 ഡിസംബർ 23നാണ് നിലവിൽ വന്നത്. അന്ന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തംഗങ്ങൾ ഉണ്ടായിരുന്നില്ല. ചില പരിഗണനകൾ വച്ച് പഞ്ചായത്തംഗങ്ങൾ മേലുദ്യോഗസ്ഥരാൽ നിശ്ചയിക്കപ്പെടുക്കയായിരുന്നു. പഞ്ചായത്ത് അദ്ധ്യക്ഷനെ ബെഞ്ച് മജിസ്ട്രേറ്റ് എന്നാണ് വിളിച്ചിരുന്നത്. പീടികക്കണ്ടി രാമൻ നമ്പ്യാരായിരുന്നു ബഞ്ച് മജിസ്ട്രേറ്റ്.

## ഫ്രണ്ട് ഓഫീസ് സംവിധാനം

ഏതൊരു ദേശത്തേക്കും വീട്ടിലേക്കും പ്രവേശന മാർഗ്ഗമുള്ളത് പോലെ സദ്ഭരണ നിർവ്വഹണത്തിലേക്കുള്ള ഒരു പ്രവേശന മാർഗ്ഗമാണ് ഫ്രണ്ട് ഓഫീസ് സംവിധാനം. ഫ്രണ്ട് ഓഫീസ് എന്നത് പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗം തന്നെയാണ്. ജനങ്ങൾ ജീവനക്കാരുടെ അടുത്തോ, സെക്രട്ടറിയുടെ അടുത്തോ ചെല്ലുന്നതിന് പകരമുള്ള ഒരു ഏകജാലക സംവിധാനമാണത്. കേരള നിയമസഭയുടെ ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ ഓഫീസിനകത്ത് കൂട്ടംകൂടി നിൽക്കുന്നത് ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നിനുമായി ഒരു സേവന സംവിധാനം ഏർപ്പെടുത്തണമെന്ന് പഞ്ചായത്ത് ഡയറക്ടർ 18-01-2007 ലെ എച്ച്.13880/2006 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് തന്നെയാണ് ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ യാഥാർത്ഥ്യമാകുന്നത്. അപേക്ഷ നൽകാനും സേവനം ലഭ്യമാക്കാനും ഈ ഏകജാലക സംവിധാനം പ്രയോജനപ്പെടും.

ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകു. 5 മണി വരെയായിരിക്കും. 3 മണി വരെ മാത്രമേ പണമിടപാടുകൾ ഉണ്ടായിരിക്കുകയുള്ളൂ.

1. പഞ്ചായത്തുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ ലഭ്യമാണ്.
2. വിവിധ അപേക്ഷാ ഫോറങ്ങൾ ലഭ്യമാണ്.
3. എല്ലാ അപേക്ഷകൾക്കും ഫ്രണ്ട് ഓഫീസിൽ നിന്നും കൈപ്പറ്റ് രശീതി ലഭിക്കുന്നതാണ്.
4. അപേക്ഷകൾ പൂർണ്ണവും അനുബന്ധ രേഖകൾ അടങ്ങിയതുമായിരിക്കണം.

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി(അപേക്ഷ കിട്ടിയതിനു ശേഷമുള്ള സമയം/ദിവസം) |
|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ<br><br>(1969–ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട്), | ജനനം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും.മതിയായ കാരണമുണ്ടെങ്കിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം.<br><br>വീട്ടിൽ വച്ച് നടന്ന ജനനമാണെങ്കിൽ ഗൃഹനാഥനും ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഫോറം നം.1 ൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.<br><br>ജനന തിയ്യതി മുതൽ 21 ദിവസം വരെ സൗജന്യം. അതിനുശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ. | 7 പ്രവൃത്തി ദിവസം. |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969 ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട്) | ആറു വയസ്സ് കഴിഞ്ഞാൽ കുട്ടികളുടെ ജനനക്രമം തെളിയിക്കുന്ന മാതാപിതാക്കളുടെ സത്യപ്രസ്താവന, സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.<br><br>അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദ്ദിഷ്ട ഫോറത്തിൽ മാതാപിതാക്കൾ സംയുക്തമായി അപേക്ഷിക്കണം.<br><br>ഒരു വർഷംവരെ സൗജന്യം.തുടർന്ന് 5 രൂപ ലേറ്റ് ഫീ. | 7 പ്രവൃത്തി ദിവസം |
| | | | |

| | | | |
|---|---|---|---|
| 3 | മരണ രജിസ്ട്രേഷൻ<br><br>(1969 ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട്) | മരണം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. 21 ദിവസത്തിനകം അപേക്ഷിക്കുന്നവർക്ക് സൗജന്യമായി സർട്ടിഫിക്കറ്റ് ലഭിക്കും. മതിയായ കാരണമുണ്ടെങ്കിൽ 30 ദിവസം വരെ രജിസ്റ്റർ ചെയ്യാം.<br><br>വീട്ടിൽ വച്ച് നടന്ന മരണമാണെങ്കിൽ ഗൃഹനാഥനും ആശുപത്രിയിൽ വച്ച് നടന്നതാണെങ്കിൽ ആശുപത്രി അധികൃതരും മറ്റു സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന ഉടമയും അസ്വാഭാവിക മരണമാണെങ്കിൽ ബന്ധപ്പെട്ട പോലീസ് ഓഫീസറും പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം.<br><br>(മരിച്ച  വ്യക്തിയുടെയും മരണം റിപ്പോർട്ട് ചെയ്യുന്ന വ്യക്തിയുടെയും ആധാർ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം)<br><br>മരണ തിയ്യതി മുതൽ 21 ദിവസം വരെ സൗജന്യം. അതിനു ശേഷം 30 ദിവസം വരെ 2 രൂപ ലേറ്റ് ഫീ. | 7 പ്രവൃത്തി ദിവസം |
| 4. | ജനനം/മരണം താമസിച്ചു രജിസ്റ്റർ ചെയ്യൽ (1969–ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട്) | ജനന/മരണ തിയ്യതി മുതൽ 30 ദിവസം കഴിഞ്ഞ് 1 വർഷം വരെ ജില്ലാ രജിസ്ട്രാർക്കും ഒരു വർഷം കഴിഞ്ഞ് ആർ.ഡി.ഒ യ്ക്കും സംഭവം വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന അപേക്ഷ, ഗസറ്റഡ് ഓഫീസർ / നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം എന്നിവയും ഹാജരാക്കണം.<br><br>അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിർദിഷ്ട ഫോറത്തിൽ / വെള്ളക്കടലാസിൽ ജനനം / മരണം നടന്ന ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. ജനന/മരണ റിപ്പോർട്ട് നിർദിഷ്ട ഫോറത്തിൽ നൽകണം.<br><br>30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ. ഒരു വർഷത്തിനു മുകളിൽ 10 രൂപ ലേറ്റ് ഫീ. | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |

| | | | |
|---|---|---|---|
| 5. | ജനന/മരണ സർട്ടിഫിക്കറ്റ് | അപേക്ഷകന്റെ പേരിൽ വാങ്ങിയ പത്തു രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപത്രം ഹാജരാക്കണം.<br>അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷിക്കണം.<br>തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ.<br>പകർപ്പ് ഫീസ് 5 രൂപ | 7 പ്രവൃത്തി ദിവസം |
| 6. | നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് (ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ )<br>(1969–ലെ ജനന–മരണ രജിസ്ട്രേഷൻ ആക്ട്) | ജനനം/മരണ നടന്ന സമയത്തെ താമസസ്ഥലം, ജനനം/മരണം നടന്ന സ്ഥലം എന്നിവ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കണം. അല്ലാത്ത പക്ഷം പോലീസ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രമെ സർട്ടിഫിക്കറ്റ് നൽകുന്നത് പരിഗണിക്കുകയുള്ളൂ.<br>അഞ്ചു രൂപയുടെ കോർട്ട് ഫീസ്റ്റാമ്പ് പതിച്ച് ജനനം/മരണം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം.<br>തെരച്ചിൽ ഫീസ് ഒരു വർഷത്തെക്ക് 2 രൂപ, സർട്ടിഫിക്കറ്റ് 2 രൂപ | 7 പ്രവൃത്തി ദിവസം |
| 7. | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കൽ അനുവദിച്ച കോടതി ഉത്തരവിന്റെ പകർപ്പ് സഹിതം അംഗീകൃത അഡോപ്ഷൻ ഏജൻസി സ്ഥിതി ചെയ്യുന്ന രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിക്കണം. 2008 നവംബർ 22–ന് മുമ്പ് ദത്തെടുത്ത കേസുകളിൽ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ദത്തെടുക്കാൻ അനുവദിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദത്തെടുത്ത മാതാ | |

| | | | |
|---|---|---|---|
| | | പിതാക്കളുടെ അപേക്ഷ പ്രകാരം അവർ സ്ഥിരതാമസമാക്കിയ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ അപേക്ഷിക്കണം.<br><br>ജനന രജിസ്ട്രാർക്ക് അപേക്ഷ നൽകണം. | 10 പ്രവൃത്തി ദിവസം |
| 8. | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ | കുട്ടിയുടെ മാതാപിതാക്കൾ ഇന്ത്യയിൽ സ്ഥിരതാമസമാക്കണമെന്ന ഉദ്ദേശ്യത്തോടു കൂടി ഇന്ത്യയിൽ തിരിച്ചെത്തിയ തിയ്യതി മുതൽ 60 ദിവസത്തിനകം അവരുടെ ഇന്ത്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ അപേക്ഷിക്കണം. കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം ഇന്ത്യയിൽ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്ന സത്യവാങ്മൂലം 100 രൂപയിൽ കുറയാത്ത വിലയുള്ള മുദ്രപത്രത്തിൽ ഒപ്പിട്ട് ഹാജരാക്കണം.<br><br>1956 ലെ സിറ്റിസൺ (ഇന്ത്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇന്ത്യൻ പൗരന്മാരുടെ ഇന്ത്യക്കു വെളിയിലുള്ള എല്ലാ ജനനവും മരണവും ഇന്ത്യൻ കോൺസിലേറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. | 30 പ്രവൃത്തി ദിവസം |
| 9 | ജനന രജിസ്ട്രേഷൻ സമയത്ത് കുട്ടിയുടെ പേര് തെറ്റായി ചേർത്തത് തിരുത്തൽ/കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തി നൽകൽ<br><br>(01.02.2012 ലെ 35485/ആർ.ഡി3/2011 ത സ്വ ഭ വ, 07.05.2012 ലെ 9748/ആർ.ഡി3/2012 തസ്വഭവ നം സർക്കാർ സർക്കുലർ. | തെറ്റായ പേര് ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ സത്യവാങ്മൂലം (പേര് ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കണം)<br><br>മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (പ്രായപൂർത്തിയായ കുട്ടിയാണെങ്കിൽ കുട്ടിയുടെ അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം<br><br>വിശ്വസനീയമായ വ്യക്തികളുടെ ഡിക്ലറേഷൻ<br><br>സ്കൂൾ രേഖ / | 15 പ്രവൃത്തി ദിവസം |

| | | | |
|---|---|---|---|
| | | ലൈസൻസ്/പാസ്പോർട്ട്/തിരിച്ചറിയൽ കാർഡ്/റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.<br><br>തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50 രൂപ കോമ്പൗണ്ടിംഗ് ഫീസ് | |
| 10. | വിവാഹ രജിസ്ട്രേഷൻ<br><br>(1955–ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം) | വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ വിവാഹം നടന്ന് 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. മതിയായ കാരണങ്ങളുണ്ടെങ്കിൽ30 ദിവസം വരെ രജിസ്റ്റർ ചെയ്യാം. രണ്ട് സാക്ഷികൾ വേണം. വരന്റെ / വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ മുൻവിവാഹം ഒഴിവായതിന്റെ/വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം.<br><br>നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്, വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ്,(വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ), പ്രായം തെളിയിക്കുന്ന രേഖ. | 15 പ്രവൃത്തി ദിവസം |
| 11. | വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിന് ശേഷമുള്ളവ (1955–ലെ ഹിന്ദു വിവാഹ ആക്ട്പ്രകാരം) | വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. രണ്ട് സാക്ഷികൾ വേണം. വരന്റെ / വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ മുൻവിവാഹം ഒഴിവായതിന്റെ/വേർപിരിഞ്ഞതിന്റെ നിയമപരമായ രേഖകൾ ഹാജരാക്കണം.<br><br>നിശ്ചിത ഫോറത്തിലുള്ള റിപ്പോർട്ട്, വൈകി രജിസ്റ്റർ ചെയ്യാനുള്ള കാരണം കാണിക്കുന്ന 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച ലോക്കൽ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ, വിവാഹിതരായി എന്നുള്ളതിനുള്ള തെളിവ്,(വിവാഹം നടന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ), പ്രായം തെളിയിക്കുന്ന രേഖ. | അനുമതി ലഭിച്ചു 15 പ്രവൃത്തി ദിവസം |
| | | | |

| | | | |
|---|---|---|---|
| 12 | വിവാഹ സർട്ടിഫിക്കറ്റ്(1955–ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | അപേക്ഷകന്റെ പേരിൽ വാങ്ങിയ 50 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപ്പത്രം ഹാജരാക്കണം,.<br><br>അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള കടലാസിലുള്ള അപേക്ഷ.<br><br>സർട്ടിഫിക്കറ്റിന് 10 രൂപ. | 7 പ്രവൃത്തി ദിവസം |
| 13 | വിവാഹ രജിസ്ട്രേഷൻ (2008–ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം) | വിവാഹം നടന്ന തിയ്യതി മുതൽ 45 ദിവസത്തിനകം മെമ്മോറാണ്ടം നൽകണം. 45 ദിവസത്തിനു ശേഷം 5 വർഷം വരെ മുൻപറഞ്ഞ രേഖകൾക്കൊപ്പം വിവാഹം നടന്നത് സംബന്ധിച്ച് ഫോറം നമ്പർ 2 ൽ ഉള്ള സാക്ഷ്യപത്രവും (എം.പി/എം.എൽ.എ/പഞ്ചായത്തംഗം/ഗസറ്റഡ് ഓഫീസർ നൽകിയ സാക്ഷ്യപത്രം). 5 വർഷത്തിനു ശേഷമുള്ളവയ്ക്ക് രജിസ്ട്രാർ ജനറലായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടറുടെ അനുമതിക്കുള്ള അപേക്ഷയും ഉണ്ടായിരിക്കണം. അനുമതി ലഭിച്ചതിനു ശേഷം രജിസ്ട്രേഷൻ നടത്തുന്നതാണ്. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ രണ്ട് പകർപ്പുകൾ വധൂവരന്മാരും രണ്ട് സാക്ഷികളും ഒപ്പിട്ട്(ഭാര്യയുടെയും ഭർത്താവിന്റയും പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ചിരിക്കണം), ഭാര്യയുടെയും ഭർത്താവിന്റെയും ഓരോ ഫോട്ടോകൾ വേറെയും. മതാചാരപ്രകാരമാണെങ്കിൽ / സാറ്റ്യൂട്ടറി നിയമപ്രകാരമാണെങ്കിൽ സാക്ഷ്യപത്രം, വയസ്സ് തെളിയിക്കുന്ന രേഖ, എന്നിവ സഹിതം വിവാഹം നടന്ന പ്രദേശത്തിലെ ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം.<br><br>രജിസട്രേഷൻ ഫീസ് 100 രൂപ. പിഴ 45 ദിവസത്തിനു ശേഷം 5 വർഷം വരെ 100 രൂപ. 5 വർഷത്തിനു ശേഷം 250 രൂപ. സർട്ടിഫിക്കറ്റ് 20 രൂപ. അധിക സർട്ടിഫിക്കറ്റ് 25 രൂപ. | 7 പ്രവൃത്തി ദിവസം<br><br>അനുമതി ആവശ്യമുള്ള കേസുകളിൽ അനുമതി ലഭിച്ചു 7 പ്രവൃത്തി ദിവസം |
| 14 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ : പ്രതിമാസം 1600 രൂ | 60 വയസ്സിന് മുകളിൽ പ്രായം.കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാവണം. | 45 ദിവസം. |

| | | | |
|---|---|---|---|
| | | വൃദ്ധസദനത്തിലോ, ശരണാലയത്തിലോ അന്തേവാസിയാകരുത്. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്. നിർദ്ദിഷ്ട ഫോറത്തിലുള്ള , നിശ്ചിത ഫോറത്തിലുള്ള സത്യപ്രസ്താവന. പ്രായം തെളിയിക്കുന്നതിനുള്ള രേഖ,റേഷൻകാർഡിന്റെ പകർപ്പ്,ആധാർ കാർഡിന്റെ പകർപ്പ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്. വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്. 2000 സ്ക്വർ ഫീറ്റ് കൂടുതൽ വിസ്തീർണ്ണമുള്ള ഭവന സ്വന്തമായുള്ളവർ, എ.സി ഭവനം, 1000 സിസിയിൽ കൂടുതൽ എങ്കിലും കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവർക്ക് അർഹതയില്ല. | |
| 15. | അഗതി പെൻഷൻ(വിധവകൾക്കും വിവാഹ മോചിതർക്കും) പ്രതിമാസം 1600 രൂപ. | കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. രണ്ടു വർഷമായി കേരളത്തിൽ താമസിക്കുന്നവരാവണം യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്.<br><br>നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ , നിശ്ചിത ഫോറത്തിലുള്ള സത്യപ്രസ്താവന. പ്രായം തെളിയിക്കുന്നതിനുള്ള രേഖ,റേഷൻകാർഡിന്റെ പകർപ്പ്,ആധാർ കാർഡിന്റെ പകർപ്പ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്. വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്.പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/വിവാഹ മോചിതയാണെന്നു തെളിയിക്കുന്ന രേഖ. ഏഴു വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്തവർ അതു സംബന്ധിച്ച വില്ലേജാഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം. 2000 സ്ക്വർ ഫീറ്റ് കൂടുതൽ വിസ്തീർണ്ണമുള്ള ഭവന സ്വന്തമായുള്ളവർ, എ.സി ഭവനം, 1000 സിസിയിൽ കൂടുതൽ എങ്കിലും കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവർക്ക് അർഹതയില്ല. | 45 ദിവസം |
| 16 | ശാരീരിക/ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള | കുടുംബവാർഷിക വരുമാനം 1 ലക്ഷംരൂപയിൽ കവിയരുത്.<br><br>നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ , | 45 ദിവസം |

| | | | |
|---|---|---|---|
| | പെൻഷൻപ്രതിമാസം 1600 രൂപ.. | നിശ്ചിത ഫോറത്തിലുള്ള സത്യപ്രസ്താവന. പ്രായം തെളിയിക്കുന്നതിനുള്ള രേഖ,റേഷൻകാർഡിന്റെ പകർപ്പ്,ആധാർ കാർഡിന്റെ പകർപ്പ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്. വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്.<br><br>ശാരീരിക/മാനസിക അവശത തെളിയിക്കുന്ന രേഖ.(മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്) 2000 സ്ക്വർ ഫീറ്റ് കൂടുതൽ വിസ്തീർണ്ണമുള്ള ഭവന സ്വന്തമായുള്ളവർ, എ.സി ഭവനം, 1000 സിസിയിൽ കൂടുതൽ എങ്കിലും കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവർക്ക് അർഹതയില്ല. | |
| 17 | കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 1600 രൂപ. | കേരളത്തിൽ പത്തു വർഷമായി സ്ഥിരതാമസമായിരിക്കണം, 60 വയസ്സ് കഴിഞ്ഞിരിക്കണം. കുടുംബവാർഷിക വരുമാനം 1 ലക്ഷംരൂപയിൽ കവിയരുത്.<br><br>നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ,<br><br>റേഷൻകാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്)<br><br>ഭൂസ്വത്തിന്റെ വിവരങ്ങൾ,കർഷക തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം, പ്രായം തെളിയിക്കുന്ന രേഖ (തിരിച്ചറിയൽ കാർഡ്/ജനന സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ്). 2000 സ്ക്വർ ഫീറ്റ് കൂടുതൽ വിസ്തീർണ്ണമുള്ള ഭവന സ്വന്തമായുള്ളവർ, എ.സി ഭവനം, 1000 സിസിയിൽ കൂടുതൽ എങ്കിലും കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവർക്ക് അർഹതയില്ല. | 45 ദിവസം |
| 18 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ. പ്രതിമാസം 1100 രൂപ. | കുടുംബവാർഷിക വരുമാനം 1 ലക്ഷംരൂപയിൽ കവിയരുത്. കേരള സംസ്ഥാനത്ത് സ്ഥിരതാമസമായിരിക്കണം. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ,സത്യ പ്രസ്താവന, അവിവാഹിതയാണെന്നു തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം, , റേഷൻകാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ്. 2000 സ്ക്വർ ഫീറ്റ് കൂടുതൽ വിസ്തീർണ്ണമുള്ള ഭവന | 40 ദിവസം |

| | | | |
|---|---|---|---|
| | | സ്വന്തമായുള്ളവർ, എ.സി ഭവനം, 1000 സിസിയിൽ കൂടുതൽ എങ്കിലും കപ്പാസിറ്റിയുള്ള വാഹനം സ്വന്തമായി ഉള്ളവർക്ക് അർഹതയില്ല. | |
| 19 | തൊഴിൽ രഹിത വേതനം പ്രതിമാസം 120 രൂപ. | വാർഷിക വരുമാനം 12,000 രൂപയിൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുണ്ടാകരുത്. രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം. 18 വയസ്സിനു ശേഷം തുടർച്ചയായി മൂന്ന് വർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. (അംഗവൈകല്യം ഉള്ളവർക്ക് രണ്ട് വർഷം), 35 വയസ്സ് കഴിയരുത്. വിദ്യാർത്ഥി ആയിരിക്കരുത്. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്നു വർഷത്തിനുള്ളിൽ ഒരു വർഷമോ അതിൽ കൂടുതലോ കാലയളവിൽ തുടർച്ചയായി ജോലിയുണ്ടായിരുന്നാൽ അർഹതയുണ്ടാവില്ല. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br><br>നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ,എസ്.എസ്.എൽ.സി ബുക്ക്,എംപ്ലോയ്മെന്റ് കാർഡ്, റേഷൻകാർഡിന്റെ പകർപ്പുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. എസ്.എസ്.എൽ സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. (വികലാംഗർ, എസ്.സി/എസ്ടി എന്നിവർക്ക് എസ്.എസ്.എൽ.സി തോറ്റാലും അപേക്ഷിക്കാം. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ മാത്രം എഴുതി തോറ്റവർക്ക് ബാധകമല്ല.)യഥാസമയം പുതുക്കാതെ രജിസ്ട്രേഷൻ ക്യാൻസലായി പുനർ രജിസ്ട്രേഷൻ ചെയ്തവർക്ക് ആയത് കഴിഞ്ഞ് 3 വർഷം പൂർത്തീകരിക്കണം | 45 ദിവസം |
| 20 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം. 30,000 രൂപ. | വാർഷിക വരുമാനം 10,000 രൂപയിൽ കവിയരുത്. മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം. പെൺകുട്ടിയുടെ പേരിലുള്ള ആഭരണം ഉൾപ്പെടെ ആകെ സ്വത്ത് 50,000 രൂപയിൽ കവിയാൻ പാടില്ല. വൈകിയുള്ള അപേക്ഷയിൽ കാലതാമസം ഒഴിവാക്കി ജില്ലാ ശിശു വനിതാവികസന | 45 ദിവസം |

| | | | |
|---|---|---|---|
| | | ഓഫീസർക്ക് മാപ്പപേക്ഷ നൽകേണ്ടതാണ്.<br><br>നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ വിവാഹത്തിനു 30 ദിവസം മുമ്പ് നൽകണം. (അപേക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വരന്റെ സാക്ഷ്യപത്രം, റേഷൻകാർഡിന്റെ പകർപ്പ് തുടങ്ങിയവ സഹിതം. | |
| 21 | കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പെർമിറ്റുകൾ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) | സങ്കേതം സോഫ്റ്റ് വെയർ മുഖേന ഓൺ ലൈനായി സമർപ്പിക്കണം(https://buildingpermit.lsgkerala.gov.in)<br><br>]IÀ,v 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമ പഞ്ചായത്തിൽ താഴെ കൊടുത്ത രേഖകൾ സഹിതം ഹാജരാക്കണം.<br><br>വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്,ഭൂനികുതി ഒടുക്കിയ രശീത് പകർപ്പ്,കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ<br>അപേക്ഷ ഫീ (ചട്ട പ്രകാരം)<br>പെർമിറ്റ് ഫീ(ചട്ട പ്രാകാരം)<br>Site plan<br>Service plan<br>Keymap<br>Building plan<br>ഉയർന്ന കെട്ടിടങ്ങൾക്ക് safety plan<br>Parking plan (ആവശ്യമെങ്കിൽ) | പെർമിറ്റ്15 ദിവസം |
| 22. | തെരുവിനോട് ചേർന്ന മതിൽ/ഭിത്തി/വേലി/കിണർ എന്നീ പ്രവർത്തിക്കുള്ള പെർമിറ്റുകൾ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019) | സങ്കേതം സോഫ്റ്റ് വെയർ മുഖേന ഓൺ ലൈനായി സമർപ്പിക്കണം(https://buildingpermit.lsgkerala.gov.in)<br><br>പകർപ്പ് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ഗ്രാമ പഞ്ചായത്തിൽ താഴെ കൊടുത്ത രേഖകൾ സഹിതം ഹാജരാക്കണം.<br><br>വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്. ഭൂനികുതി ഒടുക്കിയ രശീത് പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ<br>അപേക്ഷ ഫീ (ചട്ട പ്രകാരം)<br>പെർമിറ്റ് ഫീ(ചട്ട പ്രകാരം)<br>പ്ലാനുകൾ/ഡ്രോയിങ്ങുകൾ | 15 പ്രവൃത്തി ദിവസം. |

| | | | |
|---|---|---|---|
| 23 | കെട്ടിട നിർമ്മാണം– പെർമിറ്റ് കാലാവധി നീട്ടൽ / പുതുക്കൽ (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൽ 2019) | കാലാവധി നീട്ടുന്നതിന് സാധുതാകാലാവധി അവസാനിക്കുന്നതിനു മുമ്പ് അപേക്ഷ സമർപ്പിക്കണം.<br>1. പെർമിറ്റ് നൽകിയ തിയ്യതി മുതൽ 3 വർഷത്തേക്ക് സാധുത.<br>2. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ.<br>3. പെർമിറ്റും അംഗീകൃത പ്ലാനും സഹിതം<br>4. പുതുക്കുന്നതിന് കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനകം സമർപ്പിക്കണം.<br>കെ.പി.ബി.ആർ 2011 പ്രകാരം<br>5. കൈവശാവകാശ സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ)<br>1. കെട്ടിട നിർമ്മാണ പെർമിറ്റ് നീട്ടുന്നതിന് പെർമിറ്റ് ഫീയുടെ 10%.<br>2. പുതുക്കുന്നതിന് പെർമിറ്റ് ഫീയുടെ 50%.<br>3. Application fee 30 Rs | 30 പ്രവൃത്തി ദിവസം. |
| 24 | കെട്ടിടത്തിന് നമ്പര് അനുവദിക്കുന്നതിന് | 1. Sanketham<br>2. വെള്ള കടലാസിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>3. വില്ലേജ് ഓഫീസർ നൽകിയ കൈവശ സർട്ടിഫിക്കറ്റ്<br>4. കംപ്ലീഷൻ സർട്ടിഫ്ക്കറ്റ്, കംപ്ലീഷൻ പ്ലാൻ<br>5. ആധാർ കാർഡ് / തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്<br>6. One time Tax<br>7. Form II | 30പ്രവർത്തി ദിവസം. ക്രമ വൽകരിക്കാനുള്ള അപേക്ഷകളിൽ 30 പ്രവർത്തി ദിവസം |
| 25. | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | അസസ്മെന്റ് രജിസ്റ്ററിലുണ്ടായിരിക്കണം. കെട്ടിട നമ്പർ കാണിച്ചിരിക്കണം. എന്താവശ്യത്തിനാണ് സർട്ടിഫിക്കറ്റ് എന്ന് വ്യക്തമാക്കിയിരിക്കണം.<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. | 3 പ്രവൃത്തി ദിവസം |

| | | | |
|---|---|---|---|
| | | (ഉടമസ്ഥത സർട്ടിഫിക്കറ്റുകൾ ഓൺ ലൈനായി www.lsgkerala.gov.inഎന്ന സൈറ്റ് മുഖേനയും ലഭിക്കുന്നതാണ്(വസ്തു നികുതി അടച്ചിരിക്കണം) | |
| 26. | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | താമസിക്കുന്ന ഗ്രാമപഞ്ചായത്തിൽ അപേക്ഷിക്കണം. കെട്ടിട നമ്പർ കാണിച്ചിരിക്കണം. ആവശ്യം വ്യക്തമാക്കിയിരിക്കണം. സാധാരണ താമസക്കാരനായിരിക്കണം. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച വെള്ളക്കടലാസ്സിലുള്ള അപേക്ഷ. സ്വന്തം വീട്ടിലല്ല താമസമെങ്കിൽ വാടക കരാർ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം | 7 പ്രവൃത്തി ദിവസം |
| 27. | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ: 2011 ലെ കേരള പഞ്ചായത്ത് രാജ് (വസതു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ | കെട്ടിട നമ്പർ അപേക്ഷയിലും ആധാരത്തിലും ഉണ്ടാകണം. ആധാരത്തിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ , ടി നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്നു എന്ന വില്ലേജാഫീസറുടെ സാക്ഷ്യപത്രം. സംയുക്താപേക്ഷ ഇല്ലെങ്കിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് രജിസ്റ്റേഡ് നോട്ടീസ് അയച്ച് ആക്ഷേപം പരിഗണിച്ചായിരിക്കും അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.<br><br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച വെള്ളക്കടലാസ്സിലുള്ള ഇരു കക്ഷികളുടെയും സംയുക്ത അപേക്ഷ.കൈമാറ്റം സംബന്ധിച്ച അസ്സൽ രേഖ/ആധാരം (ഒറിജിനലും പകർപ്പും), വസ്തു കൈവശക്കാരൻ മരണപ്പെട്ടെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് , ഭൂനികുതി ഒടുക്കിയ രേഖ, കൈവശാവകാശ സർട്ടിഫിക്കറ്റ് | 45 ദിവസം. |
| 28. | ചുമത്തിയ കെട്ടിട നികുതിയിന്മേലുള്ള അപ്പീൽ–2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും, സേവന ഉപ നികുതിയും സർചാർജും)ചട്ടങ്ങൾ | സെക്രട്ടറി ചുമത്തിയ നികുതി അധികമാണെന്നു പറയുന്നതിനുള്ള കാരണം കാണിച്ച്, ചുമത്തിയ നികുതി ഒടുക്കി, രസീതിന്റെ പകർപ്പ് സഹിതം 30 ദിവസത്തിനകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ് അപ്പീൽ നൽകേണ്ടത്.<br><br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച് | 60 ദിവസം. |

| | | | |
|---|---|---|---|
| | | വെള്ളക്കടലാസ്സിലുള്ള അപേക്ഷ. | |
| 29. | കെട്ടിട നികുതി ഒഴിവാക്കൽ : 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ | കെട്ടിട നികുതി തൻ വർഷം വരെയുള്ളത് അടച്ചു തീർത്തിരിക്കണം. നികുതി ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ തെളിവു സഹിതം കാണിച്ചിരിക്കണം.<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച് വെള്ളക്കടലാസ്സിലുള്ള അപേക്ഷ. | 30 ദിവസം |
| 30. | പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കൽ : 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ | കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചു തീർത്തിരിക്കണം.<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച് വെള്ളക്കടലാസ്സിലുള്ള അപേക്ഷ. | 30 ദിവസം |
| 31. | ഒഴിഞ്ഞുകിടക്കുന്നതു മൂലം കെട്ടിട നികുതി ഇളവു ചെയ്യൽ : 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ | ഏതെങ്കിലും അർദ്ധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ഒഴിഞ്ഞും വാടകയ്ക്കും കൊടുക്കാതെ കിടന്നിട്ടുണ്ടെങ്കിൽ മാത്രം. ഒരു പ്രത്യേക തിയ്യതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കാതിരിക്കുകയും ചെയ്യുമെന്ന് സെക്രട്ടറിക്ക് മുൻകൂട്ടി നോട്ടീസ് നൽകിയിരിക്കണം. നോട്ടീസിന്റെ കാലാവധി അത് കൊടുക്കുന്ന അർദ്ധവർഷത്തേക്ക് മാത്രമായിരിക്കും.(ഓരോ അർദ്ധവർഷത്തിനും പ്രത്യേകം അപേക്ഷ സമർപ്പിച്ചിരിക്കണം)5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച് വെള്ളക്കടലാസ്സിലുള്ള അപേക്ഷ.കെട്ടിട നമ്പർ കാണിച്ചിരിക്കണം. കെട്ടിട നികുതി തൻവർഷം വരെയുള്ളത് അടച്ചു തീർത്തിരിക്കണം. | 30 ദിവസം. |
| 32. | വ്യാവസായിക/കച്ചവട സംരംഭങ്ങൾക്കുള്ള ലൈസൻസ് | നിശ്ചിത ഫോരത്തിലുള്ള അപേക്ഷ, കെട്ടിടം സ്വന്തമല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ്, | 7 ദിവസം |

| | | | |
|---|---|---|---|
| 33. | ഫാക്ടറികൾക്കുള്ള ലൈസൻസ് | പുതുതായി ആരംഭിക്കുവാൻ 30 ദിവസം മുമ്പ് അപേക്ഷ നൽകുക. കെട്ടിടം സംബന്ധിച്ച രേഖ(വാടക കെട്ടിടമാണെങ്കിൽ സമ്മതപത്രം,വാടകച്ചീട്ട്).ലൈസൻസ് പുതുക്കുന്നതിന് സാവൃമ്പത്തിക വർഷം അവസാനിക്കുന്നതിന് ഒരു മാസം മുമ്പ് പഴയ ലൈസൻസിന്റെ പകർപ്പ് സഹിതം അപേക്ഷ നൽകണം.<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>ഫീസ് ചട്ടങ്ങൾ പ്രകാരം | 1. മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടേതില്ലാത്ത കേസുകളിൽ 30 ദിവസം.<br>2. ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം<br>വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 30 ദിവസത്തിനകം |
| 34. | പന്നി,പട്ടി എന്നിവയെ വളർത്തുന്നതിനുള്ള ലൈസൻസ്<br>1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | പ്രതിരോധ കുത്തിവയ്പ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പമുണ്ടാകണം.<br>5 രൂപ കോർട്ട് ഫീ സ്റ്റാമ്പു പതിച്ച് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ. പ്രായം, നിറം എന്നിവ കാണിച്ചിരിക്കണം.<br>ഫീസ് 10 രൂപ | 30 പ്രവൃത്തി ദിവസം. |
